# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 497 — 12.06.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സഹകരണ മേഖലയിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് സംസ്ഥാനങ്ങൾ അംഗീകരിച്ച് ധാരണാ പത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള അവസാന തീയതി 05.07.2008 ആയിരുന്നു. ടി സാമ്പത്തിക പാക്കേജിൽ കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കുന്നമുറയ്ക്കും, ധാരണാ പത്രം ഒപ്പ് വെയ്ക്കാനുള്ള അവസാന തീയതി കഴിഞ്ഞതിനാൽ കേരളത്തിൽ പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാകുന്ന മുറയ്ക്കും കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ തരത്തിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത കമ്മീഷൻ നിർദ്ദേശങ്ങൾ സഹകരണ വായ്പാ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങൾ സഹകരണ വായ്പാ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ട്. |

(സി) സർക്കാർ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) സർക്കാർ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ